# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3770

15/05/2017-ൽ മറുപടിയ്ക്ക്

## കോളേജ് പ്രിൻസിപ്പൽ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിൽ കാലതാമസം

**ചോദ്യം**

**മറുപടി**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ കോളേജ് പ്രിൻസിപ്പൽ തസ്തികയിൽ നിയമിതരായവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ; | (എ) & (ബി) (സി) | ഉണ്ട്. 10.12.2010 ലെ സ.ഉ (പി) 392/2010/ഉ.വി.വ പ്രകാരം യു.ജി.സി മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു എന്നിരുന്നാലും യു.ജി.സി യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർമാരെ പ്രിൻസിപ്പാൾമാരായി പ്രൊമോട്ട് ചെയ്തിരുന്നു. തുടർന്ന് 23.02.2016 – ൽ ബഹു.കേരള ഹൈക്കോടതി ഫുൾബെഞ്ച് 18.09.2010 മുതൽ സംസ്ഥാനത്ത് യു.ജി.സി യോഗ്യത അനുസരിച്ച് നിയമനങ്ങളും പ്രൊമോഷനും പാടുള്ളൂ എന്ന് വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്ന് കോളേജ് അദ്ധ്യാപകരുടെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ തടസ്സപ്പെട്ടു. 18.09.2010 ന ശേഷം യു.ജി.സി യോഗ്യത ഇല്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരംതാഴ്ത്തതിരിക്കാൻ 23.02.2016 മുതൽ യു.ജി.സി റഗുലേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെ തുടർന്ന് സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തു. പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ കോളേജുകളുടെ ഭരണപരമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ 19.03.2017 ലെ |
| (ബി) | എങ്കിൽ ഇതുമൂലം, റിട്ടയർ ചെയ്ത പ്രിൻസിപ്പൽമാർക്കുൾപ്പെടെ അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റ് ലഭിച്ചിട്ടില്ലെന്ന ആവലാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് അർഹതപ്പെട്ട ഇൻക്രിമെന്റ് അനുവദിച്ച് പെൻഷൻ പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | സ.ഉ(പി)10/2017/ഉ.വി.വ പ്രകാരം സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി യോഗ്യതയുള്ള അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന മുറയ്ക്ക് അർഹതപ്പെട്ട ഇൻക്രിമെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**